ജോസഫ് ജെ. പാലയ്ക്കൽ CMI

# കുടുംബപ്രാർത്ഥനയും ഭജനഗാനങ്ങളും



ഭാരതവത്കരണം കുർബാനയിലാരംഭിക്കുകയല്ല, അതിൽ പര്യവസാനിക്കുകയാണുവേണ്ടത്. ആരാധനക്രമത്തോടുള്ള കേരളത്തിലെ ക്രിസ്ത്യാനികളുടെ മനോഭാവം 16 നൂറ്റാണ്ടുകൾകൊണ്ട് മെനഞ്ഞെടുത്തതാണ്. അതു പെട്ടെന്നു മാറ്റിയെടുക്കുക അപ്രായോഗികം മാത്രമല്ല, അവിവേകവുമായിരിക്കുമെന്ന് കഴിഞ്ഞകാലസംഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

കുടുംബദീപം 2003 ജനുവരി ലക്കത്തിൽ ഡോ. ഷീല കണ്ണാത്ത് CMC എഴുതിയ ഭജന: ആത്മീയതയുടെ ഭാരതീയ പൈതൃകം എന്ന ലേഖനം വായിച്ചു, പ്രസ്തുത വിഷയത്തെപ്പറ്റി ഒരുപക്ഷേ, മലയാളത്തിലാദ്യമായി അച്ചടിക്കപ്പെടുന്ന ലേഖനമായിരിക്കുമത്. ആലുവയിലെ ആചാര്യ പാലയ്ക്കൽ ജീവസ്സ് കേന്ദ്രത്തിൽവച്ച് 2000–ാമാണ്ട് ജൂലൈ 8–ാം തീയതി നടത്തിയ ക്രിസ്ത്യൻ മ്യൂസിക്കോളോജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യയുടെ (CMSI) പ്രഥമവാർഷിക സമ്മേളനത്തിൽ ഡോ.ഷീല അവതരിപ്പിച്ച പ്രബന്ധമാണ് ലേഖനത്തിനാധാരം. പ്രബന്ധാവതരണത്തിനും ലേഖനപ്രസിദ്ധീകരണത്തിനുമിടയിലുള്ള കാലഘട്ടത്തിൽ നടക്കേണ്ടിയിരുന്ന ക്രിയാത്മകമായ വിമർശനത്തിന്റെയും സുലഭ്യമായ ശ്രോതസ്സുകളിൽനിന്നുള്ള വിവരസംഭരണത്തിന്റെയും അഭാവത്തിൽ ചരിത്രസാധുതയ്ക്കും അറിവിന്റെ പൊലിമയ്ക്കുമായി ചിലകാര്യങ്ങൾ കുറിയ്ക്കേണ്ടത് ആവശ്യമായിരിക്കുന്നു.

**അനുരൂപണം**

ക്രിസ്തീയ ഭജനഗാനങ്ങളുടെ ചരിത്രം അവലോകനം ചെയ്തുകൊണ്ട് ലേഖിക പറയുന്നു: "രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം ക്രിസ്തീയ സംസ്കാരികാനുരൂപണത്തിന്റെ ഭാഗമായി ക്രിസ്തീയഭജനഗാനങ്ങൾ രചിക്കപ്പെട്ടു; ആലപിക്കപ്പെട്ടു." രണ്ടാം വത്തിക്കാൻ കൗൺസിലിനുമുമ്പ് ക്രിസ്തീയഭജനഗാനങ്ങളുണ്ടായിരുന്നില്ലെന്ന ധ്വനിയുണ്ട് മുകളിലത്തെ വാകൃത്തിൽ. ഇരുപതാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിനുമുമ്പുള്ള ഭാരതത്തിലെ ഭജനഗാനചരിത്രം, ഗൗരവമായ ഗവേഷണമർഹിക്കുന്നതുകൊണ്ട് ആ വിഷയത്തിലേക്കിപ്പോൾ കടക്കാതിരിക്കുക. ഇരുപതാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ തുടങ്ങുന്ന ചരിത്രം തന്നെ ഫാ. പ്രോക്ഷ് SVD (1904 –1986) യുടെ പാവനസ്മരണയ്ക്ക് പ്രണാമമർപ്പിച്ചുകൊണ്ടുതുടങ്ങണമെന്നാണെനിക്കുതോന്നുന്നത്. ഭാരതസംസ്കാരത്തെയും ക്രിസ്തീയ വിശ്വാസത്തെയും പരിണയിപ്പിക്കാൻ പരിശ്രമിച്ച വിദേശീയനാണദ്ദേഹം. 1956–ൽ ബോംബെയിൽവച്ചു നടത്തിയ നാഷണൽ മരിയൻ കോൺഗ്രസ്സിൽ അദ്ദേഹം അവതരിപ്പിച്ച 'തേരാനൂർ' ലെ ഗാനങ്ങൾ ഇന്ത്യയിലെ പ്രധാന ക്രൈസ്തവ കേന്ദ്രങ്ങളിൽ (കേരളമൊഴികെ) വേനൽക്കാലത്തെ കാട്ടുതീപോലെ പടർന്നുപിടിച്ചു. തുടർന്ന് 1964–ൽ ബോംബെ ദിവ്യകാരുണ്യ കോൺഗ്രസ്സിൽ അവതരിപ്പിച്ച 'പരമോത്തം പ്രേം' ലെ ഗാനങ്ങൾ അതുപോലെ തന്നെ പ്രസിദ്ധിയാർജിച്ചു. തന്റെ ലക്ഷ്യം നേടുന്നതിനുപാധിയായിട്ടാണ് അദ്ദേഹം ബോംബെയിൽ ഗ്യാൻ ആശ്രം സ്ഥാപിച്ചത്.

ഭജനഗാനചരിത്രത്തിലെ പ്രധാനനാഴികക്കല്ലായി ലേഖിക എടുത്തുകാണിക്കുന്നത് ബാംഗ്ലൂരിലെ NBCLC (1967 ൽ സ്ഥാപിതം) 1978–ൽ പുറത്തിറക്കിയ ഭജനഗാനകാസറ്റുകളാണ്. ബാംഗ്ലൂരിൽത്തന്നെയുള്ള മറ്റൊരു സ്ഥാപനമായ ധർമ്മരാം കോളജിന് സ്ഥാപനങ്ങളുടെ ലിസ്റ്റിൽ രണ്ടാം സ്ഥാനമേ കൊടുത്തിട്ടുള്ളു. ഇവിടെ ചരിത്രത്തിന്റെ ചില കണ്ണികൾ കൂട്ടിയിണക്കേണ്ടതുണ്ട്.

**ധർമ്മാരാമിൽ**

1966 ൽ ധർമ്മരാമിലെ റെക്ടേഴ്സ് ഡേ ആഘോഷങ്ങളുടെ ഭാഗമായി വിദ്യാർത്ഥികൾ സംസ്കൃതശ്ലോകങ്ങളും ഭജനഗാനങ്ങളും ചേർത്ത് ഭാരതീയരീതിയിൽ നടത്തിയ പ്രാർത്ഥനാശുശ്രൂഷ ചരിത്രപ്രാധാന്യമുള്ള ഒരു സംഭവമായി മാറുകയായിരുന്നു. രാജ്കോട്ട് മെത്രാനായി ദിവംഗതനായ ഫാ. ജോനാസ് തളിയത്തായിരുന്നു റെക്ടർ; പ്രാർത്ഥനാശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയത് അനേകം വൈദിക വിദ്യാർത്ഥികളുടെ ആചാര്യനായ ഡോ.മത്യാസ് മുണ്ടാടനും. തൊട്ടടുത്തവർഷം ധർമ്മരാമിൽ വച്ചുകൂടിയ CBCI സമ്മേളനത്തിൽ മുഖ്യാതിഥികളായ കാർഡിനൽ വലേരിയൻ ഗ്രേഷ്യസിന്റെയും കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ പിതാവിന്റെയും സാന്നിദ്ധ്യത്തിൽ ആ പ്രാർത്ഥനാശുശ്രൂഷ വീണ്ടും നടത്തി. അതിനു ലഭിച്ച അഭൂതപൂർവമായ പ്രശംസയും ഭാവാത്മകമായ പ്രതികരണവുമാണ് ഭാരതപൂജയ്ക്കു വഴിയൊരുക്കിയത്. ഇതേ സംബന്ധിച്ച വിവരങ്ങൾ ക്രിസ്ത്യൻ ഭജൻസ് എന്ന ഗ്രാമഫോൺ റെക്കോർഡിന്റെ പുറം ചട്ടയിൽ അച്ചടിച്ചിട്ടുണ്ട്. ആ റെക്കോർഡിനെപ്പറ്റി പിന്നീടു പ്രതിപാദിക്കുന്നതാണ്.

**ഭജനശൈലി**

1960 മുതൽ ഏകദേശം കാൽനൂറ്റാണ്ടോളം പലരുടെ പ്രയത്നഫലമായി ധർമ്മാരാമിൽ ഓമനിച്ചുനട്ടുവളർത്തിയ ഭജനശൈലി പിന്നീടുള്ള കാലഘട്ടത്തിൽ അവിടെ മുരടിച്ചുപോവുകയാണുണ്ടായത്. കലയും ചിന്തയും സമന്വയിപ്പിക്കാൻ അസാധാരണമായ കഴിവുകളുള്ള വിദ്യാർത്ഥികളോ, അവരെ പ്രോത്സാഹിപ്പിക്കാൻ സന്മനസ്സുള്ള അദ്ധ്യാപകരോ ഇല്ലായിരുന്നതുകൊണ്ടല്ല, മറിച്ച് ഭജനഗാനശൈലിക്ക് താങ്ങും തണലുമായി നിന്ന സഭാ– സാംസ്കാരിക–ദൈവശാസ്ത്ര വീക്ഷണങ്ങൾ

ഓരോന്നോരോന്നായി ധർമ്മരാമിൽനിന്നു പിണങ്ങിപ്പോയതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. മാത്രമല്ല, കുർബാനയെച്ചൊല്ലി കേരളത്തിലെ ക്രൈസ്തവ നേതൃത്വനിരയിലുണ്ടായ ഉരസ്സലുകളിൽനിന്നുയർന്ന ചൂടുകാറ്റിനെ തടഞ്ഞുനിർത്താൻ മാത്രം ധർമ്മരാമിന്റെ ഭിത്തികൾക്കു പൊക്കമുണ്ടായിരുന്നില്ല താനും. തനതായ സംഗീതസമീപനങ്ങൾ കാഴ്ചവയ്ക്കുന്നതിനുപകരം ധർമ്മരാമിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും കൊച്ചിൻ കലാഭവൻ തുടക്കമിട്ട ഗാനമേളക്കുർബാനയിലേക്കു കാൽവഴുതി വീണു. അതിൽനിന്നവരെ കരകയറ്റാൻ മദ്രാസ് യൂണിവേഴ്സിറ്റിയിൽ സംഗീത ഗവേഷണത്തിലേർപ്പെട്ടിരിക്കുന്ന ഫാ. പോൾ പൂവത്തിങ്കൽ CMI കിണഞ്ഞുപരിശ്രമിക്കുന്നുണ്ടെന്നത് ശുഭോദർക്കംതന്നെ.

ലേഖനത്തിൽ ഈ മേഖലയിൽ തനതായ വ്യക്തിമുദ്രപതിച്ച വ്യക്തികളുടെ ആദ്യലിസ്റ്റാരംഭിക്കുന്നത് എന്റെ പേരുകൊണ്ടാണ്. ലിസ്റ്റിൽ 9 പേരുകളുണ്ട്. അതിലഞ്ചുപേർ മലയാളികളായ CMI വൈദികർ. അവരുടെ പേരിന്റെ കൂടെ ഫാ.ചാൾസ് വാസ് SVD (ബോംബെ), ഫാ.ഫെലിക്സ് നൊറോണ (മംഗലാപുരം) തുടങ്ങിയ കേരളീയരല്ലാത്തവരുടെ പേരുകൾ ചേർത്തിരിക്കുന്നതുകൊണ്ട് പ്രസ്തുതലിസ്റ്റ് ഭാരതത്തിനു പൊതുവെയുള്ളതാണെന്നുവേണം അനുമാനിക്കാൻ. ഭാരതത്തിനു പൊതുവായുള്ള ലിസ്റ്റ് എന്റെ പേരോടുകൂടി ആരംഭിക്കുന്നത് ചരിത്രപരമായി ശരിയാവില്ല. മാത്രമല്ല, മാതൃഭാഷയായ മലയാളം ശ്വസിച്ച്, സംസ്കൃതമഭ്യസിച്ച്, 1914-ൽ ‘‘ക്രിസ്തു സഹസ്രനാമ’’മുച്ഛ്വസിച്ച ഇല്ലിപ്പറമ്പിൽ ,ഷെവിലിയർ ഐ.സി.ചാക്കോയെപ്പോലെ ക്രിസ്തുവും ഭാരതവുമൊന്നാകണമെന്നാഗ്രഹിച്ച മഹാരഥന്മാരുടെ പേരുകൾ മറക്കാനും വയ്യ. (ക്രിസ്തു സഹസ്രനാമത്തിൽനിന്നു തിരഞ്ഞെടുത്ത ശ്ലോകങ്ങൾ ഫാ. ആന്റോ അമർനാഥ്CMI യുടെ സംഗീതസംവിധാനത്തിൽ ഞാനും ഇന്ദുമതിയും പാടി ബാംഗ്ലൂർ ഡെക്കാൻ റെക്കോഡ്സ് 1985-ൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി). മലയാളത്തിലെ ഭജനഗാനശാഖയ്ക്ക്-അതും ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർത്ഥം മുതൽ മാത്രം-സംഭാവനകൾ നൽകിയ വ്യക്തികളുടെ ലിസ്റ്റുപോലും ആരംഭിക്കേണ്ടത് എന്റെ ആദ്യസംഗീത ഗുരുകൂടിയായ ഫാ. തോമസ് കണ്ടത്തിൽ CMI യുടെ പേരുകൊണ്ടാകണമെന്ന് എനിക്കു തോന്നുന്നു. 1971-ൽ ഒന്നാം വർഷ വിദ്യാർത്ഥിയായി ഞാൻ ധർമ്മരാം കോളജിലെത്തുമ്പോൾ ഭാരതീയപൂജയും ഭജനഗാനസംസ്കാരവും അവിടെ സംസ്ഥാപിതമായിക്കഴിഞ്ഞു. ആ കാലഘട്ടത്തിൽ ഉടലെടുത്ത മിക്കവാറും ഗാനങ്ങൾക്ക് കർണ്ണാടകസംഗീതശൈലിയിൽ ഈണം പകർന്നത് ഫാ.തോമസ് കണ്ടത്തിലാണ്. വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ ധർമ്മാരാമിലെ സംഗീതവാസനകളെല്ലാം ശാസ്ത്രീയമാക്കാനദ്ദേഹം പരിശ്രമിച്ചു. അരുപാമഹാത്മാ, ചിതാനന്ദസാരാ, അവിദ്യാവിരുദ്ധാ വിവേകം തരൂ നീ എന്നു തുടങ്ങുന്ന ഫാ. തോമസ് കൊച്ചുമുട്ടം CMI യുടെ സംസ്കൃതശൈലീബദ്ധവും സർവമതസംബന്ധിയുമായ മലയാളവരികൾക്ക് മോഹനരാഗത്തിൽ അതിമനോഹരമായ ഈണം നൽകിയത് അദ്ദേഹമാണ്. കാൽനൂറ്റാണ്ടിലേറെ കഴിഞ്ഞിട്ടും തേവര സേക്രഡ് ഹാർട്ട് കോളജുപോലെ കേരളത്തിലെ പല ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിലും രാവിലത്തെ പ്രാർത്ഥനാഗാനമായി ആ ഭജൻ ഇന്നും ഉപയോഗത്തിലിരിക്കുന്നു. ബാംഗ്ലൂരിലെ നാനാജാതി മതസ്ഥർക്കായി ധർമ്മരാമിലെ വിദ്യാർത്ഥികൾ സംഘടിപ്പിച്ച ക്രിസ്തുമസ് ഷോയ്ക്കുവേണ്ടി സ്വയം രചിച്ച് ഈണം പകർന്ന ശരണമേശുമഹേശ്വരാ, ശരണം ദിവ്യപ്രകാശമേ, ശരണം, ശരണം എന്ന ഭജനഗാനം അനശ്വരമത്രേ. ഡോ. ചെറിയാൻ കുനിയന്തോടത്ത് CMI, ഫാ. ലൂയിസ് മാളിയേക്കൽ CMI തുടങ്ങി അനേകം പേരെഴുതിയ ഭജനഗാനങ്ങൾക്ക് അദ്ദേഹം ഈണം പകർന്നിട്ടുണ്ട്. ഇന്നു പൊതുരംഗത്തധികം പ്രത്യക്ഷപ്പെടാതെ, ഇടുക്കി ചെറുതോണിയിലെ ശാന്തിഗ്രാമിൽ വളരെ ച്ചെറിയതോതിൽ സംഗീതസപര്യ ചെയ്ത് ശാന്തനായി കഴിയുകയാണദ്ദേഹം. പക്ഷേ, അദ്ദേഹത്തിന്റെ ഓർമ്മച്ചെല്ലത്തിൽനിന്ന് മലയാള ഭജനഗാനചരിത്രകാരന്മാർ പെറുക്കിയെടുക്കേണ്ട പച്ചവെറ്റിലകൾ അനവധിയുണ്ട്. 1964-ൽ ബോംബെ ദിവ്യകാരുണ്യകോൺഗ്രസ്സിൽവച്ച് ധർമ്മാരാമിലെ വൈദികവിദ്യാർത്ഥികൾ പൗരോഹിത്യം സ്വീകരിച്ച അവസരത്തിൽ തിരുക്കർമ്മങ്ങൾക്ക് ധർമ്മാരാംഗായകസംഘം പാടിയപാട്ടുകൾ, ആ പാട്ടുകൾ സംവിധാനം ചെയ്തവർ, അതിനു നേതൃത്വം നൽകിയവർ അതു സൃഷ്ടിക്കാനിടയായ സാഹചര്യങ്ങൾ, എല്ലാറ്റിനുമുപരി തികച്ചും നൂതനമായ ആ സംരംഭത്തിന് പിൻബലമായി നിന്ന ചിന്താധാരകൾ എന്നിങ്ങനെ അദ്ദേഹത്തിൽനിന്നു ശേഖരിക്കേണ്ട വിവരങ്ങളേറെയാണ്. സഭാചരിത്രവും സംഗീത ചരിത്രവും അറിയാവുന്ന ആരെങ്കിലും ഫാ. തോമസ് കണ്ടത്തിലുമായി അഭിമുഖ സംഭാഷണം നടത്തി അതു ലേഖനമായും ശബ്ദലേഖനമായും രൂപാന്തരപ്പെടുത്തിയാൽ ഭാവി ചരിത്രകാരന്മാർ നന്ദിയുള്ളവരാകും.

## ക്രിസ്റ്റ്യൻഭജൻസ്

പേരുകളുടെ ലിസ്റ്റിൽ എനിക്കു പ്രാധാന്യം നൽകിയ സ്ഥിതിക്ക് വർത്തമാനകാലത്തെന്നെപ്പരിചയമില്ലാത്ത വായനക്കാർക്കുവേണ്ടി എന്റെ സംഭാവനകളിലെന്തെങ്കിലുമൊന്നു സൂചിപ്പിക്കുകയെങ്കിലും ചെയ്യേണ്ടത് എന്റെ തന്നെ കടമയാകുന്നു. ബാംഗ്ലൂർ ഡെക്കാൻ റെക്കാർഡ്സിന്റെ ബാനറിൽ മദ്രാസ് ജമിനിയിലുള്ള H.M.V. സ്റ്റുഡിയോയിൽ റെക്കോർഡു ചെയ്ത് 1979- ൽ എറണാകുളം ടൗൺ ഹാളിൽവച്ച് കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ പ്രകാശനം ചെയ്ത ക്രിസ്ത്യൻ ഭജൻസ് എന്ന ഗ്രാമഫോൺ റെക്കോർഡാണ് എന്റെ ഈ രംഗത്തുള്ള സംഭാവനയെന്ന് ഞാൻ തന്നെ കരുതുന്നു. ധർമ്മരാമിലെ ഭാരതീയ പൂജാവസരങ്ങളിലുടലെടുത്ത ഗാനങ്ങളാണ് മിക്കവാറും അതിലുള്ളത്. റെക്കോഡിൽപാടി എന്നതിനെക്കാൾ മലയാളത്തിലാദ്യമായി ഭജനഗാനങ്ങളുടെ ഒരു L.P. റെക്കോർഡ് ഉണ്ടാക്കാൻ ഞാൻ കാരണമായി എന്നതിനാണു പ്രാധാന്യം. ആ റെക്കോർഡിന് അതിന്റെ തന്നെ ഒരു ചരിത്രമുണ്ട്. അതിലേക്കു കടക്കാതെ തത്കാലം ഒരു കാര്യം മാത്രം പറയട്ടെ. കേരളത്തിൽ ആ റെക്കോഡിനു പ്രീതിയുണ്ടായില്ല. കേരളത്തിലേതിനെക്കാൾ വളരെക്കൂടുതൽ കോപ്പികൾ വിറ്റഴിഞ്ഞത് വടക്കേ ഇന്ത്യയിലാണ്. അവിടെ അതിലെ ഗാനങ്ങൾക്ക് ഹിന്ദിയിൽ പാരഡികൾ പോലുമുണ്ടാ

കവിത

ജോർജ്ജ് തോമസ്

# തലയോട്ടിയുടെ ചിരി



*ചരിഞ്ഞ ഗോപുരങ്ങളുടെ*
*വെള്ളയടിച്ച ചുമരുകളിൽ*
*അള്ളിപ്പിടിച്ചിരുന്ന്*
*തീർത്ഥാടകരെ കല്ലെറിയുന്നവന്*
*ഒരു പതനമുണ്ട്.*
*മുപ്പതുവെള്ളിക്കാശിന്റെ*
*പൊട്ടിച്ചിരിയിൽനിന്ന്*
*ഒരു കൊലച്ചിരി*
*ഉരുവം കൊള്ളുന്നു.*

*അവൻ*
*സ്വന്തം കയറിൽ*
*സ്വന്തം കുരുക്കിൽ*
*നിലം തൊടാതെ*
*ആടുന്നു.*
*ഒടുവിൽ*
*കയർപൊട്ടി*
*വെറും തറയിൽ*
*കൃത്യമപ്പല്ലുകളുമായി*
*ഒരു തലയോട്ടി.*

---

യി. ഭജനഗാനങ്ങളിലെ സംഗീതത്തോടെന്നതിനെക്കാൾ അതിലെ വരികളോട് നിഷേധാത്മകമായ പ്രതികരണമാണ് കേരളത്തിലെ ചില വൈദികരിൽനിന്നുണ്ടായത്. വിശുദ്ധ 'ബലിയിൽ' "നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ" എന്ന് പ്രാർത്ഥനകൾ അവസാനിപ്പിക്കുന്ന വൈദികരിൽ അഭ്യസ്തവിദ്യരായവർ പോലും ഭജനഗാനങ്ങളിലുള്ള "ശരണം", "സച്ചിതാനന്ദം", "ഓം" തുടങ്ങിയ പദങ്ങളോടറപ്പുകാണിക്കുന്നു!

## പ്രതിവിധി

ദിവ്യബലിയർപ്പണത്തെ സംബന്ധിച്ച് സീറോമലബാർസഭയിൽ ഇന്നു നിലവിലിരിക്കുന്ന തർക്കങ്ങളിൽ ചിലതിനെങ്കിലും അതിലളിതവും ഒരു പരിധിവരെ അപ്രായോഗികവുമായ പ്രതിവിധികൽപ്പിച്ചുകൊണ്ടാണ് ഡോ. ഷീല ലേഖനമവസാനിപ്പിക്കുന്നത്."ഇങ്ങനെ നാം വളരുമ്പോൾ, ഭാരതീയപൂജ നാം അർപ്പിക്കുമ്പോൾ നാം ദിവ്യബലിക്ക് എങ്ങോട്ടുതിരിഞ്ഞുനിൽക്കണമെന്നു ചൊല്ലിയുള്ള വാദങ്ങൾക്കും പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകും........." ധർമ്മരാം കോളജിലെ തത്ത്വശാസ്ത്ര ദൈവശാസ്ത്രപഠനവേളയിലും ബറോഡയൂണിവേഴ്സിറ്റിയിലെ മനഃശാസ്ത്രസംഗീതപരിശീലനഘട്ടത്തിലും അങ്ങനെയുള്ള ചിന്തകൾ ഞാനും വച്ചുപുലർത്തിയിരുന്നു. ആരാധനക്രമത്തിൽ സംഗീതത്തിനുള്ള സ്ഥാനം എന്ന എന്റെ കന്നിലേഖനത്തിൽ (St. Mary's Forane Souvenir, പള്ളിപ്പുറം, 1980) തംബുരു സ്വപ്നം എന്ന തലക്കെട്ടിൽ അതെപ്പറ്റി എഴുതുകയുമുണ്ടായി. പക്ഷേ, കേരള സഭാചരിത്രവും കേരളമനഃസ്ഥിതിയും മനസ്സിലാക്കുംതോറും ആ ചിന്തയിൽനിന്നു ഞാന കന്നുകൊണ്ടിരിക്കുകയാണ്. കുർബാനയും കാനോന നമസ്കാരവും ഒരു സഭയുടെ ദൈവശാസ്ത്രത്തിന്റെ മുഖ്യമേഖലകളാണ്. കേരളത്തിന്റെ പ്രത്യേക പശ്ചാത്തലം വിലയിരുത്തുമ്പോൾ സംസ്കാരികാനുരൂപണശ്രമങ്ങൾ അവയിൽത്തുടങ്ങാതിരിക്കുന്നതാണു ബുദ്ധി.

എതിർപ്പിനിടം കൊടുക്കാതെ ഭാരതവത്കരണം നടത്താവുന്ന നിരവധി മേഖലകളുണ്ട്. ഔദ്യോഗികാനുമതികളില്ലാതെ ജയപരാജയ പരീക്ഷണങ്ങൾ നടത്താവുന്ന അത്തരം ഏതാനും വിഷയങ്ങളിലേക്ക് ശ്രദ്ധക്ഷണിക്കട്ടെ.

## സന്ധ്യാപ്രാർത്ഥനകളും മറ്റും

നമ്മുടെ വീടുകളിൽ പതിവുള്ള സന്ധ്യാപ്രാർത്ഥനകൾ എങ്ങനെ നടത്തണമെന്നും ഏതു തരത്തിലുള്ള പാട്ടുകൾ പാടണമെന്നും നിശ്ചയിക്കുന്നതിന് കുടുംബാംഗങ്ങൾക്ക് ആരുടെയും അനുമതി ആവശ്യമില്ല. കുടുംബപ്രാർത്ഥന എങ്ങനയാണു നടത്തുന്നതെന്ന് വികാരിമാർ അന്വേഷിക്കാറില്ല. ശാസ്ത്രീയസംഗീതം അഭ്യസിക്കുന്ന കുട്ടികളുടെ കുടുംബങ്ങളിൽ സന്ധ്യാപ്രാർത്ഥനയുടെ ഭാഗമായി ഭജനഗാനങ്ങളോ "നിത്യാനന്ദദായകാ യേശുവേ" എന്ന പോലുള്ള ശ്രീ ജോർജ്ജ് പാഞ്ഞാറയുടെ കീർത്തനങ്ങളോ ആലപിക്കുന്നതിനാർക്കാണെതിരുണ്ടാവുക? അത്തരത്തിലുള്ള സംഗീത സാഹിത്യരത്നങ്ങൾ ക്രിസ്ത്യാനികൾ കുഴിച്ചുമൂടിയിട്ടിരിക്കുകയാണിപ്പൊഴും. ഷെവലിയർ ഐ.സി. ചാക്കോയുടെ ക്രിസ്തുസഹസ്രനാമവും പി.സി. ദേവസ്യയുടെ ക്രിസ്തുഭാഗവതവും പ്രഫ. മാത്യു ഉലകംതറയുടെ ക്രിസ്തുഗാഥ പോലും പുരാവസ്തുക്കളായി പൊതിഞ്ഞു സൂക്ഷിക്കുകയാണു നമ്മൾ. അഭ്യസ്തവിദ്യരായ ക്രിസ്ത്യാനികളുടെ വീടുകളിൽപോലും അത്തരം കൃതികൾ പ്രാർത്ഥനാപൂർവമായ പാരായണത്തിനുപയോഗിക്കപ്പെടുന്നില്ല.

ദേവാലയത്തിലും കോൺവെന്റുകളിലും മറ്റും നടത്തുന്ന തിരുമണിക്കൂർ ആരാധന, ബൈബിൾ ശുശ്രൂഷ, പ്രാർത്ഥനാസമ്മേളനങ്ങൾ, കുടുംബസമ്മേളനങ്ങൾ തുടങ്ങി അനേകം അവസരങ്ങൾ ഭജനഗാനങ്ങളും കീർത്തനങ്ങളും പരീക്ഷിക്കാനുപയോഗയോഗ്യമായുണ്ട്.

## വൈരുധ്യങ്ങൾ

ചിന്താതലത്തിൽ നടക്കാത്ത ഭാരതവത്കരണം സംഗീതത്തിലും ജീവിതശൈലിയിലുമുണ്ടാവുക എന്നത് എളുപ്പമുള്ള കാര്യമല്ല. ഭജനഗാനങ്ങൾ പ്രചരിപ്പിക്കുന്നതിനു മുമ്പ് അതിനു പിൻബലമായൊരു പ്രത്യയശാസ്ത്രമുണ്ടാകണം. ഈ രംഗത്ത് നമ്മുടെ ചിന്തകളിലെ വൈരുദ്ധ്യത്തിന് പ്രത്യക്ഷോദാഹരണങ്ങൾ അനവധിയുണ്ട്. ഡോ. ഷീലയുടെ ലേഖനത്തിന്റെകൂടെ ചേർത്തിരിക്കുന്ന ക്രിസ്തുവിന്റെ ചരിത്രവും (ഫാ.ജോയി എളങ്കുന്നപ്പുഴ CMI യുടെ ആശയമനുസരിച്ച് ധർമ്മാരാ

(ശേഷം - 14-ാം പേജിൽ)

(8-ാം പേജിൽനിന്ന് തുടരുന്നു)

മിൽ മൊസൈക് ചെയ്തിരിക്കുന്ന ചിത്രം) ആ ലക്കത്തിന്റെ കവറിൽ അച്ചടിച്ചിരിക്കുന്ന വെള്ളക്കാരനായ യേശുവിന്റെ ചിത്രവും ഉദാഹരണങ്ങൾ. കലയും ക്രൈസ്തവവിശ്വാസവും ഒരു ഭാരതീയ സംവാദം എന്ന എന്റെ ലേഖനത്തിൽ (സത്യദീപം നവംബർ 8, 2000) ഈ വിഷയം ദീർഘമായി ചർച്ചചെയ്തിട്ടുണ്ട്. നമ്മുടെ നിയന്ത്രണത്തിൻ കീഴിലുള്ള പത്രമാസികകളിലും ദൃശ്യശ്രാവ്യമാധ്യമങ്ങളിലും ദേശീയതയും പ്രാദേശികതയും പ്രദർശിപ്പിക്കാൻ മടിച്ചു നിൽക്കുകയാണു നമ്മൾ. അതു നടക്കുന്നതിനു മുമ്പ് കുർബാനയിൽ ഭാരതവത്കരണമുണ്ടാകുക പ്രായോഗികമല്ല.

സാമാന്യ ജനങ്ങളിൽ ശാസ്ത്രീയ സംഗീതത്തോട് ഭാവാത്മകമായ സമീപനം വളർത്തിയെടുത്താലേ ഭജനഗാനത്തിനു പ്രസക്തിയുണ്ടാകൂ. ആ സംരംഭത്തിനു നേതൃത്വം നൽകാൻ കഴിവുള്ള ഒരു പറ്റം കത്തോലിക്കർ കേരളത്തിൽ മറഞ്ഞിരിപ്പുണ്ട്. ഗാനഭൂഷണം പാസ്സായ സംഗീതാദ്ധ്യാപകർ പാട്ടു പഠിപ്പിച്ച് ശമ്പളം വാങ്ങി സംതൃപ്തരായിക്കഴിഞ്ഞുകൂടുന്നവരാണ്, അവരിൽ മിക്കവാറും പേർ.

തങ്ങളുപാസിക്കുന്ന കലയ്ക്ക് തനതായ ക്രൈസ്തവ സംഭാവനകൾ നൽകണമെന്നു ചിന്തിക്കുന്നവർ വിരളമത്രേ. **കേരളത്തിലെ കത്തോലിക്കരായ സംഗീതാദ്ധ്യാപകർ ഒരുമിച്ചുകൂടി ക്രിയാത്മകമായി ചിന്തിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്താൽ അവരിൽ നിന്നു സഭയ്ക്കു മാത്രമല്ല കേരള സംസ്കാരത്തിനുതന്നെയും സംഭാവനകളുണ്ടാകും തീർച്ച.**

ഡോ. ഷീലയെപ്പറ്റി രണ്ടു വാക്കു പറഞ്ഞുകൊണ്ട് ഈ ലേഖനമവസനിപ്പിക്കട്ടെ. തനതായ സംഭാവനകൾ നൽകിയവരുടെ പേരു പറഞ്ഞ കൂട്ടത്തിൽ വിനയംകൊണ്ടു സ്വന്തം പേരു വിട്ടുകളഞ്ഞെങ്കിലും വർത്തമാനകാലത്ത് ഭജനഗാനങ്ങൾ മാത്രമല്ല ക്രിസ്തീയ ശാസ്ത്രീയ സംഗീതവും പ്രചരിപ്പിക്കുന്നതിന് അതീവ തീക്ഷ്ണതയോടെ പ്രവർത്തിക്കുന്ന കേരളത്തിലെ വളരെ ചുരുക്കംസംഗീതതോപാസകരിലൊരാളാണ് ഡോ. ഷീല. ധർമ്മാരാമിൽ മുരടിച്ചു നിന്ന മലയാള ഭജനഗാനശൈലിയെ കേരളത്തിലേക്കു പറിച്ചുനട്ടത് ഡോ. ഷീലയാണ്. 1987ൽ ഞങ്ങളൊരുമിച്ചു പ്രവർത്തിക്കാനിടയായ "കരുണാമൃതം" എന്ന കാസറ്റിലൂടെയാണതു നടന്നത്. തിരിഞ്ഞുനോക്കുമ്പോൾ "ക്രിസ്റ്റ്യൻ ഭജൻസ്" റെക്കോർഡുപോലെ പ്രവചനപരമായൊരു പ്രവൃത്തിയായിരുന്നതെന്നു കാണാം. ഇന്നു തന്റെ ലേഖനത്തിലൂടെ ഭാരതത്തിലെ ക്രൈസ്തവസംഗീതത്തിൽ ഗൗരവമായ ഗവേഷണത്തിന് ഏറെ സാധ്യതകളുണ്ടെന്ന് ഡോ. ഷീല തെളിയിച്ചിരിക്കുന്നു. മലയാളത്തിൽ ഒരു ക്രിസ്തീയ സംഗീതവിജ്ഞാനശാഖ ഉടലെടുക്കാനുപകരിക്കുന്ന സംവാദത്തിന് ഈ കുറിപ്പുകൾ മുഖവുരയാകട്ടെ!

---

ടുന്നതെന്നും പറഞ്ഞു രാജനെ ആശ്വസിപ്പിക്കണമെന്നുണ്ട്. പക്ഷേ, അന്യരുടെ വേദനയ്ക്കു മുമ്പിൽ തളർന്നുപോകുന്ന, അല്ലെങ്കിൽതന്നെ വാക്ചാതുരി ഒട്ടുമില്ലാത്ത തനിക്കതിനു കഴിയുന്നില്ലല്ലോ.

യാത്രക്കാരില്ലാതെ വന്ന ഒരു ഓട്ടോറിക്ഷാ രാജൻ കൈകാണിച്ചു നിർത്തി.

ചോദ്യഭാവത്തിൽ നോക്കിയ ഓട്ടോറിക്ഷാ ഡ്രൈവറോടു രാജൻ പറഞ്ഞു;

'ആദർശ് നഗറിലേക്ക്'.

'മാത്തന്റെ വീട്ടിലേക്കല്ലേ നമ്മൾ പോകുന്നത്....'

ഓട്ടോറിക്ഷായിൽ രാജന്റെ ഇടതുവശത്ത് ഇരുന്ന അപ്പു സംശയം പ്രകടിപ്പിച്ചു.

'മാത്തന്റെ വീട്ടിൽ പോകാം. അതിനുമുമ്പ് നമുക്കൊരാളെ കാണാം...'

'ആരെ.....?'

'ഇമ്മാനുവലിനെ'

'അയാൾ കോർട്ടിൽ പോകാനുള്ള തിരക്കിലായിരിക്കില്ലേ ഇപ്പോൾ....?'

'യുകെ ആർ ടെലിഫോൺ ചെയ്തിരുന്നു; ഇന്നലെ രാത്രി അഡ്വക്കേറ്റ് രവീന്ദ്രദാസിന്റെ വീട്ടിലെ പാർട്ടിയിൽ ഇമ്മാനുവലല്പം ഓവറായെന്നും പെട്ടെന്നു വയലന്റായെന്നും.....'

'ഓവറായെന്നോ...!എങ്ങനെ...?'

അപ്പു സംശയം പ്രകടിപ്പിച്ചു.

'കുടിച്ചിട്ട്....'

'ഇമ്മാനുവലിപ്പോൾ കുടിക്കാറില്ലല്ലോ.....?'

'യുകെയാറിനോടു ഞാനതു പറഞ്ഞു. അപ്പോൾ ചിരിച്ചുകൊണ്ടയാൾ പറയുകയാ: ഭാര്യയുടെ രോഗം ഇമ്മാനുവലിനു പകർന്നു കാണുമെന്ന്.....'

തെല്ലുനേരത്തെ മൗനത്തിനു ശേഷം അപ്പു പറഞ്ഞു;

'ഇമ്മാനുവലിനു കാര്യമായിട്ടെന്തോ സംഭവിച്ചിട്ടുണ്ട്. അല്ലാതെ അയാൾ കുടിക്കാൻ വഴിയില്ല. പക്ഷേ, എത്ര കുടിച്ചാലും കൺട്രോൾ വിട്ടുപോകുകയോ ആരെങ്കിലുമായി അയാൾ വഴക്കിടുകയോ ചെയ്തിട്ടില്ലല്ലോ ഇതുവരെ....'

'പ്രായമായി വരികയല്ലേ;

ഒപ്പം രോഗവും'.

'ഇന്നലെ, ഒടുവിൽ അസുഖമുണ്ടായെന്നാണു യുകെയാർ പറഞ്ഞത്....'

സീരിയസായിട്ടെന്തെങ്കിലും....?

ചോദിക്കാൻ പക്ഷേ, അപ്പുവിന്റെ നാവ് ഉയർന്നില്ല. പൊടുന്നനെ ഭയം അയാളെ കീഴടക്കി.

നേരത്തെ രണ്ടു തവണ അറ്റാക്ക് ഉണ്ടായതാണ്. ഒരിക്കൽക്കൂടി ഉണ്ടായാൽ, അതു താങ്ങാനുള്ള ശക്തി ഇമ്മാനുവലിന്റെ ഹൃദയത്തിനുണ്ടാവില്ലെന്നു ഡോക്ടർമാർ മുന്നറിയിപ്പു കൊടുത്തിട്ടുള്ളതാണ്.

രാജൻ പറഞ്ഞതുപോലെ, കൊത്തിയെടുത്തു പറക്കാൻ തക്കം പാർത്ത് ഒപ്പം പറക്കുന്ന കഴുകനെപ്പോലെ മരണം ഇതാ തൊട്ടടുത്ത്. ഒരുപക്ഷേ, മാത്തനെക്കാൾ നേരത്തേ ഇമ്മാനുവൽ....

അടുത്തുള്ള ദേവാലയത്തിൽനിന്ന് ഒന്നും രണ്ടുമായി ഇടവിട്ടുള്ള മരണമണി മുഴങ്ങുന്നുണ്ടോ...? മരണവീട്ടിലെ പ്രാർത്ഥനകളോ ചരമഗീതങ്ങളോ കേൾക്കുന്നുണ്ടോ....? സാമ്പ്രാണിത്തിരികൾ കത്തിക്കുമ്പോഴുണ്ടാകുന്ന രൂക്ഷഗന്ധം വായുവിൽ തങ്ങിനില്ക്കുന്നു.

പേടിപ്പെടുത്തുന്ന ഒരു കാഴ്ച ഒഴിവാക്കാനെന്നപോലെ അപ്പു കണ്ണുകൾ അടച്ചു.

പെട്ടെന്ന് ഓട്ടോറിക്ഷായുടെ ശബ്ദം നിലച്ചു. രാജന്റെ കൈവിരലുകൾ അപ്പുവിന്റെ വലതു കൈത്തണ്ടയെ വലയം ചെയ്തു. പേടിപ്പെടുത്തുന്ന നിശ്ശബ്ദതയിലേക്ക് അപ്പു തന്റെ കണ്ണുകൾ തുറന്നു.

*(തുടരും)*